# Major Archeparchy of Ernakulam-Angamaly

Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010
E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org


28/03/2020

**മിശിഹായിൽ പ്രിയ വൈദികരേ, സമർപ്പിതരേ, സഹോദരീ സഹോദരന്മാരേ,**

കൊവിഡ്-19 മഹാമാരിയുടെ സാഹചര്യത്തിൽ, സീറോമലബാർ സഭയിലെ രൂപതകളിൽ വിശുദ്ധവാരാചരണവുമായി ബന്ധപ്പെട്ട് പാലിക്കുവാനായി മേജർആർച്ച്ബിഷപ്പ് കർദ്ദിനാൾ ജോർജ്ജ് ആലഞ്ചേരി പിതാവ് നൽകിയ നിർദ്ദേശങ്ങളുടെ സർക്കുലർ ഇതോടൊപ്പം അയയ്ക്കുന്നു. നമ്മുടെ അതിരൂപതയിലെ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും ഈ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

സാമ്പത്തികമായി വിഷമത അനുഭവിക്കുന്ന സഹോദരങ്ങളെ സഹായിക്കുന്നതിനായി ഇടവക തലത്തിൽ നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ കൂടുതൽ തീക്ഷ്ണതയോടെ തുടരാൻ ശ്രമിക്കുമല്ലോ. നമ്മുടെ ഇടവകാതിർത്തിക്കുള്ളിലുള്ള അതിഥി തൊഴിലാളികളുടെ ക്ഷേമത്തിലും നിങ്ങളുടെ സവിശേഷ ശ്രദ്ധയുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

പ്രാർത്ഥനയോടെ,

മിശിഹായിൽ സ്നേഹപൂർവ്വം,

+ A Kariyil

**ആർച്ചുബിഷപ്പ് ആന്റണി കരിയിൽ**
മെത്രാപ്പോലീത്തൻ വികാരി
എറണാകുളം-അങ്കമാലി അതിരൂപത

MAJOR ARCHEPARCHIAL CURIA • ERNAKULAM-ANGAMALY •

Cardinal George Alencherry
Major Archbishop
Syro-Malabar Church

Prot. No. 0392/2020

## സർക്കുലർ
## വിശുദ്ധവാര തിരുക്കർമങ്ങൾ–2020

ഈശോയിൽ ഏറ്റവും സ്നേഹമുള്ള സഹോദരീസഹോദരന്മാരേ,

ലോകം മുഴുവൻ പടർന്നുപിടിച്ച കൊറോണ വൈറസ് ബാധയുടെ ആഘാതത്തിലാണല്ലോ നാമെല്ലാവരും. ഈ വലിയ ദുരന്തത്തിൽനിന്ന് നമ്മെയും ലോകം മുഴുവനെയും രക്ഷിക്കണമേയെന്ന് കാരുണ്യവാനായ ദൈവത്തോടുള്ള നമ്മുടെ പ്രാർത്ഥന തുടരാം. ദുഃഖപൂർണമായ ഈ പശ്ചാത്തലത്തിലാണ് വിശുദ്ധവാരാചരണം നടക്കേണ്ടത്. നമ്മുടെ കർത്താവിന്റെ പെസഹാരഹസ്യങ്ങളാണല്ലോ ഈ ആഴ്ചയിൽ നാം അനുസ്മരിക്കുന്നത്. ലോകരക്ഷയ്ക്കുവേണ്ടി പീഡസഹിച്ച ഈശോയുടെ സഹനങ്ങളോട് ചേർന്ന് നമുക്കും ദൈവപിതാവിനോട് കരുണയ്ക്കുവേണ്ടി പ്രാർത്ഥിക്കാം.

കൊറോണ വൈറസിന്റെ വ്യാപനം തടയുന്നതിനും അതുവഴി മറ്റുള്ളവരുടെയും നമ്മുടെയും സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും വേണ്ടി പ്രധാനമന്ത്രി പ്രഖ്യാപിച്ചിരിക്കുന്ന ഇരുപത്തിയൊന്ന് ദിവസത്തെ ലോക് ഡൗണിന്റെയും സംസ്ഥാന സർക്കാരും ജില്ലാ ഭരണകൂടങ്ങളും നിയമപാലകരും നൽകുന്ന നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ ഈ വർഷത്തെ വിശുദ്ധവാരാചരണം പരിമിതപ്പെടുത്തേണ്ടിയിരിക്കുന്നു.

ഈ സാഹചര്യത്തിൽ, പൗരസ്ത്യസഭകൾക്കായുള്ള വത്തിക്കാൻ കാര്യാലയം നൽകിയിരിക്കുന്ന മാർഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും ആവശ്യമായ ആലോചനകൾക്കു ശേഷവും സീറോമലബാർസഭയിലെ രൂപതകളിൽ വിശുദ്ധവാരാചരണവുമായി ബന്ധപ്പെട്ട് നൽകിയിരിക്കുന്ന ഈ നിർദ്ദേശങ്ങൾ ഏവരും പാലിക്കേണ്ടതാണ്.

1. വൈറസ് വ്യാപനത്തെ ചെറുക്കുന്നതിനുവേണ്ടി നിലവിലുള്ള നിയന്ത്രണങ്ങളുടെ ഭാഗമായി ഈ വർഷത്തെ തിരുക്കർമങ്ങൾ വിശ്വാസികളുടെ പങ്കാളിത്തമില്ലാതെയാണ് നടത്തേണ്ടത്.
2. അഭിവന്ദ്യ പിതാക്കന്മാർ കത്തീഡ്രൽ ദൈവാലയങ്ങളിലും ബഹു. വൈദികർ ഇടവക ദൈവാലയങ്ങളിലും അവശ്യംവേണ്ട ശുശ്രൂഷകരുടെ മാത്രം (5 പേരിൽ കൂടാതെ) പങ്കാളിത്തത്തോടെയാണ് തിരുക്കർമങ്ങൾ നടത്തേണ്ടത്.
3. സാധിക്കുന്നിടത്തോളം കത്തീഡ്രൽ ദൈവാലയങ്ങളിൽനിന്നോ അതാത് ഇടവകകളിൽനിന്നോ വിശുദ്ധവാര തിരുക്കർമങ്ങൾ ലൈവ് ആയി വിശ്വാസികൾക്കു വേണ്ടി സംപ്രേഷണം ചെയ്യേണ്ടതാണ്.
4. ഓശാന ഞായറാഴ്ച വൈദികൻ വിശുദ്ധ കുർബാനയർപ്പിക്കുമ്പോൾ അന്നത്തെ തിരുക്കർമത്തിൽ പങ്കെടുക്കുന്നവർക്കുവേണ്ടി മാത്രം കുരുത്തോലകൾ (ലഭ്യമെങ്കിൽ) ആശീർവ്വദിച്ചാൽ മതിയാകും. അന്ന് മറ്റുള്ളവർക്ക് കുരുത്തോല വിതരണം നടത്തേണ്ടതില്ല.
5. വി. മൂറോൻ കൂദാശ വിശുദ്ധവാരത്തിൽ നടത്തേണ്ടതില്ല. പിന്നീട് ഒരു ദിവസം നടത്താവുന്നതാണ് (ഉദാ. പന്തക്കുസ്താ തിരുനാളിനോടനുബന്ധിച്ച്).
6. പെസഹാവ്യാഴാഴ്ചയിലെ കാൽകഴുകൽ ശുശ്രൂഷ ഒഴിവാക്കേണ്ടതാണ്.

7. പെസഹാവ്യാഴാഴ്ച ഭവനങ്ങളിൽ നടത്താറുള്ള അപ്പംമുറിക്കൽ ശുശ്രൂഷ ഓരോ ഭവനത്തിലുമുള്ളവർക്കു മാത്രമായി പരിമിതപ്പെടുത്തേണ്ടതാണ്. കുടുംബകൂട്ടായ്മ അടിസ്ഥാനത്തിലോ ബന്ധുവീടുകൾ ഒന്നിച്ചുചേർന്നോ നടത്താറുള്ള അപ്പംമുറിക്കൽ പൂർണമായും ഒഴിവാക്കേണ്ടതാണ്.

8. പീഡാനുഭവവെള്ളിയാഴ്ചയുള്ള ക്രൂശിതരൂപ/സ്ലീവാചുംബനവും പുറത്തേയ്ക്കുള്ള കുരിശിന്റെ വഴിയും പരിഹാരപ്രദക്ഷിണവും നടത്താൻ പാടില്ല. ഈ ദിവസത്തെ തിരുക്കർമങ്ങൾ ആവശ്യമെങ്കിൽ കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ ദിവസം (സെപ്തംബർ 14 ന്) നടത്താവുന്നതാണ്.

9. വലിയ ശനിയാഴ്ചയിലെ തിരുക്കർമങ്ങൾ നടത്തുമ്പോൾ ജനങ്ങൾക്ക് നല്കാൻ വേണ്ടി വെള്ളം വെഞ്ചരിക്കേണ്ടതില്ല. പിന്നീടൊരവസരത്തിൽ ജനങ്ങൾക്ക് വെള്ളം വെഞ്ചരിച്ച് നൽകാവുന്നതാണ്.

10. ഉയിർപ്പുതിരുനാളിന്റെ കർമങ്ങൾ രാത്രിയിൽ നടത്തേണ്ടതില്ല. പകരം അന്നു രാവിലെ വി. കുർബാനയർപ്പിച്ചാൽ മതിയാകും.

11. വിശുദ്ധവാരത്തിലെ ദിവസങ്ങൾ പ്രാർത്ഥനയുടെ ദിവസങ്ങളാക്കി മാറ്റുന്നതിന് നമ്മുടെ കുടുംബങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. എല്ലാവരും ഒരുമിച്ച് കുടുംബ പ്രാർത്ഥനകൾ സജീവമായി നടത്തണം. വിശുദ്ധവാരത്തിലെ ഓരോ ദിവസത്തിനും യോജിച്ച ബൈബിൾ ഭാഗങ്ങൾ അന്നത്തെ കുടുംബപ്രാർത്ഥനയുടെ ഭാഗമായി വായിക്കേണ്ടതാണ്. യാമപ്രാർത്ഥനകൾ, കുരിശിന്റെ വഴി, കരുണകൊന്ത എന്നിവ കുടുംബാംഗങ്ങൾ ഒരുമിച്ച് ചൊല്ലുന്നത് വിശുദ്ധവാരത്തിന്റെ ചൈതന്യം നിലനിർത്തുന്നതിന് സഹായിക്കും.

ഇപ്പോഴത്തെ സാഹചര്യത്തിൽ ഈ പരിമിതികളെല്ലാം ദൈവഹിതമാണെന്ന് മനസ്സിലാക്കിക്കൊണ്ട് നമ്മുടെ കർത്താവിന്റെ രക്ഷാകരരഹസ്യങ്ങളുടെ അനുഭവം കഴിവതും സ്വന്തമാക്കുവാൻ നമുക്ക് പരിശ്രമിക്കാം. കാരുണ്യവാനായ കർത്താവ് നമ്മെയും സഭയെയും ലോകം മുഴുവനെയും അനുഗ്രഹിക്കട്ടെ.

സ്നേഹപൂർവ്വം,

+ GrAlencherry

കർദിനാൾ മാർ ജോർജ് ആലഞ്ചേരി
സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

MAR GEORGE ALENCHERRY
MAJOR ARCHBISHOP OF THE SYRO-MALABAR CHURCH

The Syro - Malabar Major Archiepiscopal Curia
Mount St. Thomas, P.B.No. 3110, P.O. Kakkanad, Kochi - 682 030, Kerala, India
Tel: (0484) 2424780, 2424768, 2426235; Fax: (0484) 2422727. E-mail: majorarchbishop@gmail.com, Website:www.syromalabarchurch.in